പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ ബയോഗ്യാസ്, ബയോ കമ്പോസ്റ്റ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ 10 ശതമാനം വരെ ഇളവ് അനുവദിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) വീട്ടുകരത്തിൽ ഇളവ് അനുവദിക്കുന്നത് കാരണം കൂടുതൽ വീട്ടുടമകൾ വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ താൽപ്പര്യം കാണിക്കും. അതുവഴി മാലിന്യം ഗണ്യമായ തോതിൽ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാൻ സാധിക്കും.

നെൽവയലുകളുടെ വിസ്തൃതി

18 (*288) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ക്രമാനുഗതമായി കുറഞ്ഞു വരുന്നതായി കണക്കുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) പ്രധാന നെല്ലുൽപ്പാദന കേന്ദ്രങ്ങളിൽ കൃഷി ഭൂമി തരിശ്ശിടുന്നതിന്റേയും മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന്റേയും കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(സി) ചെലവേറിയ ജൈവകൃഷിയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ചെലവുമായി താരതമ്യപ്പെടുത്തി കർഷകന് വില ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്. കഴിഞ്ഞ 30 വർഷത്തെ കണക്കുപ്രകാരം 1981-82-ൽ 8,06,851 ഹെക്ടർ നെൽവയൽ ഉണ്ടായിരുന്നത് 1995-96-ൽ 4,71,150 ഹെക്ടറായും 2005-06-ൽ 2,75,744 ഹെക്ടറായും 2012-13-ൽ 1,97,277 ഹെക്ടറായും കുറഞ്ഞിട്ടുണ്ട്. എന്നാൽ നെൽകൃഷിക്കായി നടപ്പിലാക്കിയ പദ്ധതികളിലൂടെ 2013-14 വർഷം 1,99,611 ഹെക്ടറായും 2014-15 വർഷത്തെ എസ്റ്റിമേറ്റ് പ്രകാരം 2,04,000 ഹെക്ടറായും നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെൽകൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, നീർവാർച്ച സൗകര്യങ്ങളുടെ അപര്യാപ്തത, തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിയും പാർപ്പിട വാണിജ്യാവശ്യങ്ങൾക്കായി നെൽവയൽ നികത്തി ഉപയോഗിക്കുന്ന പ്രവണത എന്നിവ നെൽകൃഷി വിസ്തൃതി കുറയുന്നതിനും കൃഷി ഭൂമി തരിശിടുന്നതിനും കാരണമാകുന്നുണ്ട്. ഇതുസംബന്ധിച്ച പ്രത്യേക പഠനം കൃഷി വകുപ്പ് നടത്തിയിട്ടില്ല. നെൽകൃഷിക്കായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെയും തരിശുനില കൃഷിക്കായി നൽകുന്ന സഹായങ്ങളുടെയും ഫലമായി നെൽകൃഷി ചെയ്യാതെ ഭൂമി തരിശിടുന്ന പ്രവണത സംസ്ഥാനത്ത് വളരെ കുറഞ്ഞിട്ടുണ്ട്.

(സി) ജൈവ കൃഷിയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് നിലവിൽ കർഷകർക്ക് ഉയർന്ന വില ലഭിക്കുന്നുണ്ട്. 2012-13 വർഷം മുതൽ ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനുമുള്ള പദ്ധതികൾ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ആറ് ഇക്കോഷോപ്പുകൾ ആരംഭിക്കുകയുണ്ടായി. ഇവയിൽ നാലെണ്ണം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയിലൂടെ കർഷകരുടെ ജൈവ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നു. 2015-16 വർഷം വി.എഫ്.പി.സി.കെ. മുഖേന കർഷകരുടെ ജൈവ ഉല്പന്നങ്ങൾ അധികവില നൽകി സംഭരിക്കാൻ ധാരണയായിട്ടുണ്ട്.

ബാലവേല നിയമത്തിലെ ഭേദഗതി

19 (*289) ശ്രീ. എളമരം കരീം :
ശ്രീ. എം. എ. ബേബി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലവേല നിയമത്തിൽ ഭേദഗതി വരുത്തിയ കേന്ദ്ര സർക്കാർ നടപടി സംബന്ധിച്ച നിലപാടറിയിക്കാമോ ;

(ബി) പ്രസ്തുത നിയമഭേദഗതി വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാനുള്ള സാദ്ധ്യത വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly